# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 17 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


www.prd.kerala.gov.in.

videos: http://www.clipmail.kerala.gov.in

email: diothrissur@gmail.com


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## കാട്ടുതീ: മരണപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായമായി 7.5 ലക്ഷം വീതം അനുവദിക്കും - മന്ത്രി അഡ്വ കെ. രാജു

തൃശ്ശൂർ വടക്കാഞ്ചേരി കൊറ്റമ്പത്തൂരിൽ കാട്ടുതീ തടയാൻ ശ്രമിക്കവേ മരണപ്പെട്ട ഫോറസ്റ്റ് വാച്ചർമാരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായമായി 7.5 ലക്ഷം രൂപ വീതം അനുവദിക്കുമെന്ന് വനംവകുപ്പ് മന്ത്രി കെ. രാജു അറിയിച്ചു. 5 ലക്ഷം രൂപ സർക്കാരിൽ നിന്നാണ് ഇപ്പോൾ അനുവദിക്കുക. ഇതിന് പുറമേ പെരിയാർ ടൈഗർ ഫൗണ്ടേഷനിൽ നിന്നും 2.5 ലക്ഷം രൂപ കൂടി അനുവദിക്കാൻ മന്ത്രി നിർദ്ദേശം നൽകുകയായിരുന്നു.

കാട്ടുതീയിൽപ്പെട്ട് മരണമടഞ്ഞവരുടെ കുടുംബത്തിൽ ഒരാൾക്ക് ജോലി നൽകുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ ആലോചിച്ച് ഉചിതമായ തീരുമാനം എടുക്കുമെന്നും മന്ത്രി പറഞ്ഞു. മരണാനന്തര ചടങ്ങുകൾക്കും ചികിത്സയ്ക്കുമുള്ള ചെലവുകൾ സർക്കാർ വഹിക്കും.

കാട്ടുതീക്കെതിരെ പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിൽ എച്ച്എൻഎല്ലിന്റെ ഭാഗത്തുനിന്ന് അശ്രദ്ധ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കും. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ അനുയോജ്യമായ നടപടികൾ സ്വീകരിക്കുമെന്നും വനം മന്ത്രി പറഞ്ഞു.

വടക്കാഞ്ചേരി പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ എച്ച് എൻ എൽ പ്ലാന്റേ ഷനിൽ ഞായറാഴ്ച ഉച്ചയ്ക്ക് ഉണ്ടായ കാട്ടുതീ അണയ്ക്കാൻ ശ്രമിക്കുന്നതിനിടയിലാണ് മൂന്ന് വാച്ചർമാർ മരിച്ചത്. പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിലെ ട്രൈബൽ വാച്ചർ ദിവാകരൻ കെ യു, താൽക്കാലിക വാച്ചർമാരായ വേലായുധൻ എ.കെ., ശങ്കരൻ വി.എ. എന്നിവരാണ് മരിച്ചത്.

ഗുജറാത്തിൽ നടക്കുന്ന സംസ്ഥാന വനം മന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുക്കുകയാണ് ഇപ്പോൾ വനം മന്ത്രി. കൊറ്റമ്പത്തൂർ പ്ലാന്റേഷനിൽ കാട്ടുതീ നിയന്ത്രണ വിധേയമായതായും സ്ഥലം സന്ദർശിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ മുഖ്യ വനം മേധാവിക്ക് നിർദ്ദേശം നൽകിയതായും മന്ത്രി അറിയിച്ചു.

## വരവൂർ പഞ്ചായത്ത് ദേവിച്ചിറകുളം നവീകരണം : നാല് കോടി രൂപ അനുവദിച്ചു

വരവൂർ ഗ്രാമപഞ്ചായത്തിലെ ദേവിച്ചിറകുളം നവീകരിക്കുന്നതിന് 2019-2020 ജലവിഭവ വകുപ്പ് ബജറ്റ് വിഹിതത്തിൽ നിന്നും നാല് കോടി രൂപ അനുവദിച്ചതായി യു.ആർ.പ്രദീപ് എം.എൽ.എ അറിയിച്ചു. നിർമ്മാണ പ്രവർത്തനത്തിന് ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറി ഭരണാനുമതി

നൽകി ഉത്തരവായി. ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയർക്കാണ് നിർവ്വഹണ ചുമതല. നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ യു.ആർ. പ്രദീപ് എം.എൽ.എ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. ചെളി മാറ്റി ആഴം കൂട്ടി സംരക്ഷണ ഭിത്തി നിർമ്മിച്ച് കുളം നവീകരിക്കുന്നത് വേനൽ കാലത്ത് പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ഉപകരിക്കുമെന്നും എം. എൽ. എ അറിയിച്ചു.

# നാടിനെ അറിഞ്ഞ് വരടിയം ഗവ. സ്കൂളിൽ 'ഗ്രാമായനം പഠനോൽസവം'

ചുറ്റുപാടുകളെ കാണാതെയും അറിയാതെയും പോകുന്ന തലമുറയെ ഓർത്ത് വേവലാതി കൊള്ളുന്ന വർത്തമാനകാലത്ത് നാടിനെ അറിഞ്ഞും അറിയിച്ചും പഠിപ്പിക്കുക എന്ന ലക്ഷ്യവുമായി വരടിയം ഗവ. യു പി സ്കൂൾ. ഗ്രാമായനം എന്ന പേരിലാണ് പുസ്തക അറിവുകൾക്കൊപ്പം നാട്ടറിവുകളും സ്വായത്തമാക്കിയുള്ള പദ്ധതി സ്കൂളിൽ നടന്നത്. പഠനോൽസവത്തിന്റെ ആദ്യഘട്ടമാണ് ഗ്രാമായനമെന്ന പരിപാടി. ഇതു പൂർത്തിയാക്കിയപ്പോൾ വിദ്യാർഥികൾക്ക് പുതിയ സാമൂഹിക കാഴ്ച്ചപ്പാടുകൾ ലഭിച്ചതായി അധ്യാപകർ പറഞ്ഞു.

അധ്യാപകരോടും രക്ഷിതാക്കളോടും തങ്ങളറിഞ്ഞ പുത്തൻകാഴ്ചകളെയും അനുഭവങ്ങളെയും കുട്ടികൾ പങ്കുവെച്ചു. മലയാളം, സംസ്കൃതം, സയൻസ്, ഗണിതം, ഇംഗ്ലീഷ്, ശുചിത്വം തുടങ്ങിയവയിലെ അറിവുകൾ കുട്ടികൾ തന്നെ നേരിട്ട് നിരീക്ഷിച്ചും പരീക്ഷിച്ചും സമൂഹത്തിലെത്തിക്കുന്നതിനും ഗ്രാമായനം പരിപാടിയിലൂടെ സാധിച്ചു. ചൂലിശ്ശേരി, പേരാമംഗലം, അവണൂർ തെക്കെ തുരുത്ത്, കോളങ്ങാട്ടുകര, അവണൂർ പഞ്ചായത്ത്, അവണൂർ പാടം, മൈലാംകുളം, അംബേദ്കർ കോളനി, തുടങ്ങി ഗ്രാമത്തിന്റെ വിവിധ മേഖലകളിലൂടെ അധ്യാപകരും കുട്ടികളും രക്ഷിതാക്കളുമടക്കമുള്ളവർ പദ്ധതിയുടെ ഭാഗമായി സഞ്ചരിച്ചു.

പരിപാടി അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജയാ ബാബുരാജ് ഉദ്ഘാടനം ചെയ്തു. വാർഡ് അംഗങ്ങളായ രഘുനന്ദൻ, ധന്യാ അനിലൻ, ശ്രീനിവാസൻ, രാംകുമാർ എന്നിവർ വിവിധ ഇടങ്ങളിൽ കുട്ടികൾക്കൊപ്പം പങ്കുചേർന്നു. പ്രധാനാധ്യാപിക സൈമിയുടെ നേതൃത്വത്തിൽ അധ്യാപകരും രക്ഷിതാക്കളും പൂർവ്വ വിദ്യാർഥി സംഘടനാ പ്രവർത്തകരും സന്നദ്ധ സംഘടനാ പ്രതിനിധികളും ഗ്രാമായനത്തിൽ പങ്കാളികളായി.

# ജില്ലാ തല ഇംഗ്ലീഷ് മേള: ഗോടെക് ഗല 2020 സംഘടിപ്പിച്ചു

ജില്ലാ തല ഇംഗ്ലീഷ് മേള ഗോടെക് ഗല 2020 ന്റെ ഉദ്ഘാടനം അമ്മാടം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ടി എൻ പ്രതാപൻ എം പി നിർവ്വഹിച്ചു. പാറളം പഞ്ചായത്ത് പ്രസിഡന്റ് സദീപ് ജോസഫ് അധ്യക്ഷനായി. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തൃശൂർ ഡയറ്റിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷാണ് ഗല സംഘടിപ്പിച്ചത്. ജില്ലാ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആറ് ഹൈസ്കൂളുകളിലാണ് ഗോടെക് - ഗ്ലോബൽ ഓപ്പർച്യുണിറ്റീസ് ത്രൂ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ പദ്ധതി നടപ്പിലാക്കിയത്.

ഇത് പ്രകാരം ഓരോ വിദ്യാലയത്തിലും 50 വിദ്യാർത്ഥികൾക്ക് 50 മണിക്കൂർ ദൈർഘ്യമുള്ള ഇംഗ്ലീഷ് ആശയ വിനിമയശേഷി മെച്ചപ്പെടുത്താനുള്ള പ്രവർത്തന പദ്ധതിയാണ് നടപ്പിലാക്കിയത്. ഓരോ സ്കൂളിലെയും രണ്ട് അധ്യാപക കോർഡിനേറ്റർമാർക്ക് വേണ്ട പരിശീലനം ഡി സി ഇ നൽകി. ജി എച്ച് എസ് എസ് പട്ടിക്കാട്, ജി വി എച്ച് എസ് എസ് നന്ദിക്കര, ജി എച്ച് എസ് എസ് എരുമപ്പെട്ടി, സെന്റ് ജോസഫ്സ് എച്ച് എസ് എസ് മതിലകം, എസ് എസ് എം വി എച്ച് എസ് എസ് എടക്കഴിയൂർ, സെന്റ് ആന്റണീസ് അമ്മാടം എന്നീ വിദ്യാലയങ്ങളിലാണ് ഈ അധ്യയന വർഷം ഗോ ടെക് പദ്ധതി നടപ്പിലാക്കിയത്. തുടർന്ന് ഗോ ടെക് പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിലെ കുട്ടികളുടെ വിവിധ കലാ പരിപാടികൾ അരങ്ങേറി. സമാപന യോഗത്തിൽ സിനിമാതാരം രചന നാരായണൻ കുട്ടി സമ്മാനദാനം നിർവഹിച്ചു. ഡയറ്റ് സീനിയർ ലെക്ച്ചറർ ഡോ എം ശ്രീകല, ഡി സി ഇ ചീഫ് ട്യൂട്ടർ വിനിജ എൻ എസ്, അമ്മാടം സെന്റ് ആന്റണീസ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ സ്റ്റെറ്റിനി ചാക്കോ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ജില്ലാ തല ഇംഗ്ലീഷ് മേള ഗോടെക് ഗല 2020 ന്റെ ഉദ്ഘാടനം അമ്മാടം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ടി എൻ പ്രതാപൻ എം പി നിർവഹിക്കുന്നു***

## ‘കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്’ ചെന്ത്രാപ്പിന്നി സ്കൂളിൽ തുടങ്ങി

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സ്കൂൾ വിദ്യാർഥികൾക്കായി നടപ്പിലാക്കുന്ന ‘കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്’ എന്ന പദ്ധതിക്ക് ചെന്ത്രാപ്പിന്നി ഹയർസെക്കന്ററി സ്കൂളിൽ തുടക്കമായി. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ചെയർപേഴ്സൺ ജെ ചിഞ്ചുറാണി പദ്ധതി ഉദ്ഘാടനം ചെയ്തു. 1313 വിദ്യാർത്ഥികൾക്ക് 5 കോഴികളെ വീതവും 5 കിലോ കോഴിത്തീറ്റയും നൽകി. ബി വി 3 180 എന്ന ഇനത്തിൽപ്പെട്ട കോഴികളെയാണ് വിതരണം ചെയ്തത്. സ്കൂളിലെ 6 മുതൽ 9 വരെയുള്ള എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾക്കാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്. കോഴിമുട്ട ഉത്പാദനത്തിലും കോഴിയിറച്ചി ഉത്പാദനത്തിലും സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കുട്ടികളിൽ കോഴിവളർത്തലിനുള്ള താല്പര്യം വർധിപ്പിച്ച് അവരിൽ സ്വാശ്രയ ശീലവും സമ്പാദ്യശീലവും വളർത്തി കോഴി മുട്ട ഉൽപാദനം വികസിപ്പിക്കുക, കുട്ടികൾക്കാവശ്യമായ ഭക്ഷണത്തിൽ കോഴിമുട്ടയുടെ ലഭ്യത ഉറപ്പാക്കി അർപ്പണബോധവും ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക, ഇതുവഴി കോഴിവളർത്തൽ രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. അഡ്വ. വി കെ ജ്യോതിപ്രകാശ് അധ്യക്ഷത വഹിച്ചു. എടത്തുരുത്തി പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് മുഖ്യാതിഥിയും സ്കൂൾ മാനേജർ ഉഷ ശങ്കരനാരായണൻ വിശിഷ്ടാതിഥിയുമായി.

എടത്തുരുത്തി പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ വി സതീഷ്, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സ്കൂൾ മാനേജിംഗ് ഡയറക്ടർ ഡോ വിനോദ് ജോൺ, സ്കൂൾ ഹെഡ് മാസ്റ്റർ പി ബി കൃഷ്ണകുമാർ എന്നിവർ പങ്കെടുത്തു.

## കേരള വാട്ടർ അതോറിറ്റി റവന്യൂ അദാലത്ത് മാർച്ച് 13 ന്

കേരള ജല അതോറിറ്റിയുടെ പരിധിയിൽ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാർച്ച് 13ന് തൃശൂരിൽ റവന്യൂ അദാലത്ത് നടത്തുന്നു. വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള ഗാർഹിക/ഗാർഹികേതര ഉപഭോക്താക്കളുടെ അധിക ബിൽ, റവന്യൂ റിക്കവറി നേരിടുന്നവർ, മീറ്റർ റീഡിങ്ങിലെ അപാകത, ചോർച്ച മൂലം ഉണ്ടാകുന്ന ഗാർഹിക കണക്ഷനിലെ അധികബിൽ, വെള്ളം കിട്ടാത്ത കാലയളവിലെ കുടിശ്ശിക, മീറ്റർ പ്രവർത്തന രഹിതമായ കാലയളവിലെ വെള്ളക്കരം നിരക്ക്, സർചാർജ്, കെട്ടിട നിർമ്മാണ കണക്ഷൻ, ഗാർഹിക കണക്ഷനായി മാറ്റാൻ വൈകിയത് മൂലമുള്ള കുടിശ്ശിക തുടങ്ങിയ പരാതികളും അദാലത്തിൽ തീർപ്പാക്കും.

കേരള വാട്ടർ അതോറിറ്റി റവന്യൂ അദാലത്ത് തൃശൂർ ടൗൺഹാളിൽ മാർച്ച് 13 രാവിലെ എട്ടിന് ആരംഭിക്കും. അദാലത്തിലേക്കുള്ള പരാതികൾ അതത് സബ്ഡിവിഷൻ ഓഫീസുകളിൽ ഫെബ്രുവരി 25ന് മുൻപ് സമർപ്പിക്കണം. കോടതിയിൽ കേസുള്ള ഉപഭോക്താക്കൾക്കും അദാലത്തിൽ പങ്കെടുക്കാം.

## പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ ഉടൻ തിരികെ കൈപ്പറ്റണം

കേരള കലാമണ്ഡലം കല്പിത സർവകലാശാലയിൽ നിന്ന് പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രവേശന സമയത്ത് സമർപ്പിച്ച അസൽ സർട്ടിഫിക്കറ്റുകൾ തിരികെ കൈപ്പറ്റാൻ നിർദ്ദേശം. പഠനം വിജയകരമായി പൂർത്തിയാക്കിയതിന്റെ അസൽ സർട്ടിഫിക്കറ്റ് വാങ്ങാത്ത വിദ്യാർത്ഥികളും ഉടനെ ഓഫീസിൽ നേരിട്ട് ഹാജരാകണമെന്നും വൈസ് ചാൻസിലർ ടി. കെ. നാരായണൻ അറിയിച്ചു.

ഇവയിൽ വീഴ്ച വരുത്തുന്ന വിദ്യാർത്ഥികളിൽ നിന്ന് പിഴ ഈടാക്കുന്നതാണ്. കൂടാതെ ദീർഘകാലം ഓഫീസിൽ സൂക്ഷിക്കേണ്ടിവരുന്ന സാഹചര്യത്തിൽ സർട്ടിഫിക്കറ്റുകൾക്ക് നാശനഷ്ടം സംഭവിച്ചാൽ കലാമണ്ഡലം അധികാരികൾ ഉത്തരവാദികളായിരിക്കില്ല എന്നും അറിയിച്ചു.

## വാക് ഇൻ ഇന്റർവ്യൂ ഫെബ്രു. 22 ന്

കല്ലേറ്റുംകര എൻഐഎംപിഎംആറിൽ റസിഡന്റ് മെഡിക്കൽ ഓഫീസർ, പ്രോസ്തറ്റീസ് ആൻഡ് ഓർത്തോട്ടിസ്റ്റ്, പ്രോസ്തറ്റീസ് ആൻഡ് ഓർത്തോട്ടിസ്റ്റ് ടെക്നീഷ്യൻ എന്നീ തസ്തികളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഫെബ്രുവരി 22 രാവിലെ പത്തിനാണ് വാക് ഇൻ ഇന്റർവ്യൂ. വിശദവിവരങ്ങൾ www.nipmr.org.in എന്ന സൈറ്റിൽ ലഭ്യമാണ്. ഫോൺ: 7560870111, 7510870111.

## ചുമർചിത്രരചനാ മത്സരം

വനിതാ ശിശുവികസന വകുപ്പ് വനിതാദിനാചരണത്തോടനുബന്ധിച്ച് ജില്ലാതല ചുമർചിത്ര രചനാ മത്സരം സംഘടിപ്പിക്കുന്നു. 'ആരോഗ്യവും വിദ്യാഭ്യാസവും സാമൂഹ്യപരവുമായ സ്ത്രീകളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളും സംവിധാനങ്ങളും' എന്ന ആശയം ഉൾക്കൊള്ളുന്ന രചനകളായിരിക്കണം. ടീം അടിസ്ഥാനത്തിലാണ് മത്സരം. വരയ്ക്കാനുള്ള സാമഗ്രികൾ ലഭ്യമാക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 24. ഫോൺ: 9961989591.

## പോലീസ് കംപ്ലയിന്റ് അതോറിറ്റി 20 ന്

ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റി സിറ്റിംഗ് ഫെബ്രുവരി 20 രാവിലെ 11 ന് കളക്ടറേറ്റിൽ നടക്കും. ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവികൾ തുടങ്ങിയവർ പങ്കെടുക്കും.

## വസ്തുനികുതി അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക കൗണ്ടറുകൾ

വസ്തുനികുതി അടയ്ക്കുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക കൗണ്ടറുകൾ ആരംഭിച്ചു. നൂറ് ശതമാനം വസ്തു നികുതി പിരിക്കുന്നതിന്റെ ഭാഗമായി 86 ഗ്രാമപഞ്ചായത്തുകളിലാണ് പ്രത്യേക കൗണ്ടറുകൾ ആരംഭിച്ചത്. 2019-20 സാമ്പത്തിക വർഷത്തിലെ കെട്ടിട നികുതി അടയ്ക്കുന്നതിനാണ് ഈ സൗകര്യം ഒരുക്കിയിരിക്കുന്നത്. മിക്കയിടത്തും സൈ്വപിംഗ് മെഷീൻ സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്.

നിലവിൽ പലയിടത്തും കെട്ടിട ഉടമസ്ഥർക്ക് നോട്ടീസ് നൽകുകയും ഗ്രാമപഞ്ചായത്തുകളിൽ നികുതി പിരിവ് ക്യാമ്പുകൾ നടത്തുതയും ചെയ്തിട്ടുണ്ട്. നികുതി അടയ്ക്കുന്നതിൽ കാലതാമസം വന്നാൽ പിഴപ്പലിശ നൽകുകയും റവന്യൂ റിക്കവറി നടപടികളും പ്രോസിക്യൂഷൻ നടപടികളും നേരിടേണ്ടി വരികയും ചെയ്യും. വസ്തു നികുതി tax.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായും അടയ്ക്കാം.

## ദുരന്തനിവാരണ വികസന സെമിനാർ നടന്നു

പെരിഞ്ഞനം പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ദുരന്ത നിവാരണ വാർഷിക പദ്ധതിയുടെ ഭാഗമായി വികസന സെമിനാർ നടത്തി. 'നമ്മൾ നമുക്കായ് 'എന്ന പേരിൽ പെരിഞ്ഞനം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന സെമിനാർ ജില്ലാ പഞ്ചായത്ത് അംഗം ബി ജി വിഷ്ണു ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് കെ കെ സച്ചിത്ത് അധ്യക്ഷത വഹിച്ചു. ആസൂത്രണ സമിതി ഉപാധ്യാക്ഷൻ ഡോ ഹർഷകുമാർ പദ്ധതി വിശദീകരിച്ചു. പഞ്ചായത്ത് സെക്രട്ടറി സുജാത പി കരട് രേഖ അവതരിപ്പിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: പെരിഞ്ഞനം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ദുരന്തനിവാരണ സെമിനാർ***

## ജില്ലയിൽ കുടുംബശ്രീ പി എം യുവ യോജന പദ്ധതിക്ക് തുടക്കമായി

യുവജനങ്ങൾക്ക് സംരംഭകത്വ വികസന പിന്തുണക്കായി കുടുംബശ്രീ പി എം യുവ യോജന പദ്ധതി നടപ്പിലാക്കുന്നു. സ്കിൽ പരിശീലനം ലഭിച്ച യുവജനങ്ങൾക്ക് അവബോധം നൽകി

സംരംഭ പ്രവർത്തനത്തിലേക്ക് നയിക്കാൻ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ് പ്രധാൻ മന്ത്രി യുവ പ്രയോജന. സ്കിൽ പരിശീലനത്തിൽ ഭാഗമായ 35 വയസ് വരെയുള്ള വനിതകൾക്കും പുരുഷന്മാർക്കുമാണ് ഈ പദ്ധതിയുടെ ഗുണം ലഭിക്കുക. ദേശീയ തലത്തിൽ തെരഞ്ഞെടുത്ത സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമുൾപ്പെടെ 12 ഇടങ്ങളിലാണ് പദ്ധതിയുടെ പൈലറ്റ് പ്രവർത്തനം നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലാണ് പി എം യുവ യോജന പൈലറ്റ് പ്രവർത്തനം നടപ്പിലാക്കുക.

തെരഞ്ഞെടുത്ത ഐ ടി ഐ, പോളി ടെക്നിക്, ജെ എസ് എസ്, പി എം കെ കെ, പി എം കെ വി വൈ സ്ഥാപനങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് സ്ഥാപനതലത്തിൽ സംരംഭ പ്രക്രിയയിൽ പരിശീലനം നൽകും. കമ്മ്യൂണിറ്റി തലത്തിൽ ഏതെങ്കിലും ഒരു തൊഴിൽ പരിശീലനം ലഭിച്ച യുവജനങ്ങൾക്ക് പുതിയ സംരംഭ രൂപീകരണത്തിലും നിലവിലെ സംരംഭങ്ങളുടെ വികസനത്തിനും വിദഗ്ധരുടെ പിന്തുണയോടെയുള്ള 3 ദിവസ ക്യാമ്പുകളിൽ പങ്കെടുക്കാം. 2020 മാർച്ച് മാസത്തോടെ അവസാനിക്കുന്ന ഈ പൈലറ്റ് പദ്ധതിയുടെ വിജയം അടിസ്ഥാനമാക്കി തുടർ വർഷങ്ങളിൽ ദീർഘകാല പദ്ധതിയായി പി എം യുവ നടപ്പിലാക്കും. ഫെബ്രുവരി 17 മുതൽ പദ്ധതി ബോധവൽക്കരണവും, സംരംഭകത്വ പരിശീലനവും ആരംഭിക്കുന്നതാണ്. പദ്ധതിയെക്കുറിച്ച് അറിയുവാനും പദ്ധതിയിൽ ഭാഗമാകാനും 9446229754 എന്ന ഫോൺ നമ്പറിലോ, pmyuvatcr@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

## ഭരണഘടനാ സദസ്സ് ഇന്ന് (ഫെബ്രുവരി 18)

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ മാള നേതൃ സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യൻ ഭരണ ഘടനയുമായി ബന്ധപ്പെട്ട് ഇന്ന് (ഫെബ്രുവരി 18 ന്) സെമിനാർ നടക്കും. രാവിലെ 11 ന് മാള പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കുന്ന സെമിനാർ ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. കെ ആർ സുമേഷ് ഉദ്ഘാടനം ചെയ്ത് വിഷയാവതരണം നടത്തും. കെ വി ഡേവിസ് അധ്യക്ഷനാകും.

## മുണ്ടൂർ രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണോദ്ഘാടനം ഇന്ന് (ഫെബ്രുവരി 18)

തൃശൂർ കുന്നംകുളം ഹൈവേയിൽ മുണ്ടൂർ ജങ്ഷനിലെ 114 വർഷം പഴക്കമുള്ള മുണ്ടൂർ സബ് രജിസ്ട്രാഫീനായി നിർമ്മിക്കുന്നതിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം ഇന്ന് (ഫെബ്രുവരി 18) വൈകീട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസി ങ്ങിലൂടെ നിർവഹിക്കും. രജിസ്ട്രേഷൻ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ അദ്ധ്യ ക്ഷത വഹിക്കും. തദവസരത്തിൽ മുണ്ടൂർ ജങ്ഷനിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകളിൽ സ്ഥിതി ചെയ്യുന്ന എകെജി കുടുംബശ്രീ ഹാളിൽ അനിൽ അക്കര എംഎൽഎയുടെ ഉപാ ദ്ധ്യക്ഷതയിൽ നിർമ്മാണോദ്ഘാടന ചടങ്ങ് നടത്തും. രമ്യഹരിദാസ് എംപി മുഖ്യപ്രഭാഷണം നട ത്തും. മുഖ്യാതിഥിയായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സി വി കുര്യാക്കോസ് തുടങ്ങിയവർ പങ്കെടുക്കും.

## ലോകായുക്ത സിറ്റിങ്ങ്

കേരള ലോകായുക്തയുടെ സിറ്റിങ്ങ് ഫെബ്രുവരി 24, 25 തീയതികളിൽ തൃശൂർ ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേരും. പുതിയ പരാതികൾ സിറ്റിങ്ങിൽ സ്വീകരിക്കുമെന്ന് രജി സ്ട്രാർ അറിയിച്ചു.

## ദിനാന്തരീക്ഷ താപനില ഉയരാൻ സാധ്യത

തൃശൂർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഫെബ്രുവരി 18ന് ഉയർന്ന ദിനാന്തരീക്ഷ താപനില സാധാരണ താപനിലയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പൊതുവെ സംസ്ഥാനത്തെ ചൂട് വർധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ നേരിടുന്നതിനായുള്ള ജാഗ്രത പുലർത്താൻ സംസ്ഥാന ദുരന്ത നിവാരണ

അതോറിറ്റി നിർദേശിച്ചു. കടലോര സംസ്ഥാനമായതിനാൽ ഉയർന്ന അന്തരീക്ഷ ആർദ്രതയും താപസൂചിക ഉയർത്തുന്ന ഘടകമാണ്.

സൂര്യതാപം, സൂര്യാഘാതം തുടങ്ങിയ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെ പ്രതിരോധിക്കാൻ ധാരാളമായി വെള്ളം കുടിക്കുക. എപ്പോഴും ഒരു ചെറിയ കുപ്പിയിൽ വെള്ളം കയ്യിൽ കരുതുക. പകൽ സമയങ്ങളിൽ പുറത്തിറങ്ങുന്നവർ തൊപ്പിയോ കുടയോ ഉപയോഗിക്കാൻ ശ്രദ്ധിക്കണം. പകൽ 11 മണി മുതൽ മൂന്ന് മണി വരെയുള്ള സമയങ്ങളിൽ നേരിട്ട് സൂര്യരശ്മികൾ ശരീരത്തിൽ ഏൽക്കാതെയിരിക്കാൻ ശ്രദ്ധിക്കുക. സംസ്ഥാനത്തെ തൊഴിൽ സമയം പുനഃക്രമീകരിച്ചു കൊണ്ട് ലേബർ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അവ പാലിക്കുവാൻ തൊഴിൽ ദാതാക്കൾ സന്നദ്ധരാവേണ്ടതാണ്. ചൂട് മൂലമുള്ള തളർച്ചയോ മറ്റ് ആരോഗ്യ പ്രശ് നങ്ങളോ ശ്രദ്ധയിൽ പെട്ടാൽ പെട്ടെന്ന് തന്നെ പ്രഥമ ശുശ്രൂഷ നൽകാനും വൈദ്യ സഹായം എത്തിക്കാനും ശ്രദ്ധിക്കേണ്ടതാണെന്നും അറിയിച്ചു.

## മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ജൂനിയർ, സീനിയർ റെസിഡന്റ്സ് ഒഴിവുകൾ

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിലെ ജൂനിയർ റെസിഡന്റുമാരുടെ 2020-21 വർഷക്കാലയളവിൽ ഉണ്ടാവുന്ന ഒഴിവുകളിലേക്ക് എം ബി ബി എസ് ബിരുദധാരികളായ ഉദ്യോഗാർത്ഥികളെയും, ജനറൽ മെഡിസിൻ സീനിയർ റെസിഡന്റുമാരുടെ ഏതാനും ഒഴിവുകളിലേക്ക് മെഡിക്കൽ പി ജി ബിരുദധാരികളായ ഉദ്യോഗാർത്ഥികളെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഒരു വർഷത്തേക്കാണ് നിയമനം. താൽപര്യമുള്ളവർ അവരുടെ യോഗ്യത, പ്രവൃത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പ് സഹിതം ഇന്ന് (18.02.2020) രാവിലെ 11 മണിക്ക് പ്രിൻസിപ്പലിന്റെ ഓഫീസിൽ ഹാജരാക്കേണ്ടതാണ് എന്ന് പ്രിൻസിപ്പൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കു 0483 2765056 എന്ന ടെലിഫോൺ നമ്പറിലോ, govtmcmanjeri@gmail.com എന്ന ഇ മെയിൽ അഡ്രസ്സിലോ ബന്ധപ്പെടാം.

## ആർ കെ എൽ എസ് ലോൺ പലിശ സബ്സിഡി വിതരണോദ്ഘാടനം നടത്തി

പൊയ്യ ഗ്രാമപഞ്ചായത്ത് ആർ കെ എൽ എസ് ലോൺ പലിശ സബ്സിഡി വിതരണോദ്ഘാടനം അഡ്വ വി ആർ സുനിൽകുമാർ എംഎൽഎ നിർവഹിച്ചു. 83 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നുള്ള 469 പേർക്ക് പലിശ സബ്സിഡി വിതരണം ചെയ്തു. 27 സംഘകൃഷി ഗ്രൂപ്പുകൾക്ക് 5,000 രൂപയുടെ വീതം വിത്ത്, വളം, 1,35,000 രൂപ യുടെ ടൂൾകിറ്റ് എന്നിവ വിതരണം ചെയ്തു. പത്താം തരം തുല്യത പരീക്ഷ പാസായവർക്കും ബാലസഭ ക്വിസ് മത്സരത്തിൽ വിജയികളായവർക്കും അറിവുത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്കും ക്യാഷ് അവാർഡും മൊമെന്റോയും നൽകി. ചടങ്ങിൽ പ്രസിഡന്റ് സിജി വിനോദ് അധ്യക്ഷനായി.

വൈസ് പ്രസിഡന്റ് സി ബി ഫ്രാൻസിസ്, ക്ഷേമ കാര്യസ്ഥിരം സമിതി അധ്യക്ഷ സരോജ വേണു ശങ്കർ, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ ഹെൻ സിഷാ ജു, വാർഡ് മെമ്പർമാരായ വിജീഷ്, ടി എ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

## താലൂക്ക് വികസന സമിതി മാർച്ച് 7 ന്

മുകുന്ദപുരം താലൂക്ക് വികസന സമിതി യോഗം മാർച്ച് ഏഴ് രാവിലെ 10.30 ന് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

## കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക് നോളജിയുടെ ഗുരുവായൂർ സബ് സെന്ററിൽ കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസം ദൈർഘ്യമുള്ള ഡി. സി. എ. (എസ്) കോഴ്സിലേക്ക് പ്ലസ് ടു/ഡിപ്ലോമ

പാസായവർക്കും 6 മാസം ദൈർഘ്യമുള്ള ഡി.സി.എഫ്.എ./ടാലി പ്ലസ്ടു (കൊമേഴ്സ്/ആക്കൗണ്ടൻസി) / ബി. കോം. പാസായവർക്കും അപേക്ഷിക്കാം. ഫെബ്രുവരി 20 ന് കോഴ്സുകൾ ആരംഭിക്കും. എസ്.സി./എസ്. ടി./ഒ.ഇ.സി. വിഭാഗക്കാർക്ക് ഫീസിളവ് ലഭിക്കും. ഫോൺ- 0487-2552387/9847781678.

## സൗജന്യപരിശീലനം: തീയതി നീട്ടി

പട്ടികജാതി വികസന വകുപ്പിനുവേണ്ടി തിരുവനന്തപുരം സി-ഡിറ്റിൽ പട്ടികജാതി വിഭാഗക്കാർക്കായി നടത്തുന്ന സൗജന്യ പരിശീലനത്തിന് അപേക്ഷിക്കാനുള്ള തീയതി മാർച്ച് അഞ്ച് വരെ നീട്ടി. പൈത്തൺ പ്രോഗ്രാമിംഗ്, സോഫ്റ്റ് സ്കിൽ, ബിസിനസ് മാനേജ്മെന്റ്, വിഷ്വൽ മീഡിയ ആൻഡ് ആനിമേഷൻ എന്നിവിയാണ് പരിശീലനം നൽകുക. വിശദവിവരങ്ങളും അപേക്ഷാഫോറവും www.cybersri.org എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0471 2933944, 9447401523, 9947692219.

## യോഗം ഇന്ന് (ഫെബ്രു. 18)

കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ കഴിയുന്ന കുട്ടികൾ പഠിയ്ക്കുന്ന സ്കൂളുകളിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാർ എന്നിവരുടെ ഒരു അടിയന്തിര യോഗം ഇന്ന് (ഫെബ്രുവരി 18) രാവിലെ 10.30 ന് സിവിൽ സ്റ്റേഷനിലെ ജില്ലാ ആസൂത്രണഭവൻ ഹാളിൽ ചേരുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.